മാതൃഭൂമി

FEDERAL BANK

സമൂഹനന്മ കുട്ടികളിലൂടെ

# സീഡ്

STUDENT EMPOWERMENT FOR ENVIRONMENTAL DEVELOPMENT

## കൈപ്പുസ്തകം 2024-25



## 3 പുതിയ പ്രവർത്തനങ്ങൾ

1. പഴയ കതിർ പുതിയ കൈകളിൽ
2. എന്റെ നാടിന്റെ പൈതൃകം
3. മഴയറിയാം

MAKE A SAFE DISTANCE FROM DRUGS

**തനിച്ചല്ല**

ഈ വർഷം മുതൽ എല്ലാ ജില്ലകളിലും

# OUR LAND; OUR FUTURE

We are #Generation Restoration

കേരളത്തിലെ വിദ്യാർഥികൾക്കിടയിലെ ഏറ്റവും വലിയ പരിസ്ഥിതി സംഘടനയായ സീഡ് പതിനാറാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. സമൂഹനന്മ കുട്ടികളിലൂടെ എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന സീഡിനൊപ്പം സഹകരിക്കുന്നത് കേരളത്തിലെ പ്രമുഖ ധനകാര്യസ്ഥാപനമായ ഫെഡറൽ ബാങ്കാണ്. പ്രകൃതിസംരക്ഷണത്തോടൊപ്പം, ലഹരിക്കെതിരേയുള്ള പ്രവർത്തനങ്ങളിലും സീഡ് സജീവമാണ്. വിദ്യാർഥികളുടെ സമഗ്രസുരക്ഷ ഒരുക്കുന്നതിനായി കഴിഞ്ഞവർഷം പരീക്ഷണാടിസ്ഥാനത്തിൽ മൂന്ന് ജില്ലകളിൽ നടപ്പിലാക്കിയ 'തനിച്ചല്ല' എന്ന പദ്ധതിക്ക് വലിയ സ്വീകാര്യത ലഭിച്ചു. ഈ വർഷം സംസ്ഥാനത്തെ എല്ലാ സീഡ് സ്കൂളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുകയാണ്. സമൂഹനന്മയ്ക്കായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.



## Contents


04 നമ്മുടെ ഭൂമി നമ്മുടെ ഭാവി...

05 സീഡ് 2024-25

06 ഈ വർഷത്തെ 3 പുതിയ പ്രവർത്തനങ്ങൾ

09 കാർഷികം

ജല, ഊർജ, ജൈവവൈവിധ്യ സംരക്ഷണം

ശുചിത്വം, ആരോഗ്യം

12 ഫൈവ് സ്റ്റാർ മത്സരങ്ങൾ

സീഡ് - പരിസ്ഥിതിയനുബന്ധ ദിനാചരണ കലണ്ടർ

13 ആകാശപ്പച്ച

സീഡിന് ലഭിച്ച പ്രധാന ബഹുമതികൾ

14 പുതുമയുള്ളതാക്കാം തുടർപ്രവർത്തനങ്ങൾ

സീഡ് പോലീസ്

ലവ് പ്ലാസ്റ്റിക്

സീഡ് വിശിഷ്ട ഹരിത വിദ്യാലയങ്ങൾ 2009 മുതൽ 2023 വരെ

15 സീഡ് റിപ്പോർട്ടർ

കടലാമയ്ക്കൊരു കൈത്താങ്ങ്

നാട്ടുമാഞ്ചോട്ടിൽ

സീഡ് വെബ്സൈറ്റ്

മരങ്ങളെ അടുത്തറിഞ്ഞ് പഠിക്കാൻ സീസൺ വാച്ച്






### പിണറായി വിജയൻ

മുഖ്യമന്ത്രി

**മാ**തൃഭൂമിയും ഫെഡറൽ ബാങ്കും സംയുക്തമായി കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കിവരുന്ന സീഡ് പദ്ധതി വിജയകരമായി ഒന്നര പതിറ്റാണ്ട് പൂർത്തിയാക്കിയിരിക്കുകയാണ്. കേരളത്തിലെ എണ്ണായിരത്തോളം വിദ്യാലയങ്ങളിലെ അധ്യാപകരും വിദ്യാർഥികളും ഈ പദ്ധതിയുടെ ഭാഗമാണ്. കുട്ടികളിൽ പാരിസ്ഥിതിക അവബോധം ഊട്ടിയുറപ്പിക്കുന്നതിനുപുറമേ ജല ഊർജ ജൈവവൈവിധ്യങ്ങളിലും ശക്തമായ ഇടപെടലുകൾ നടത്താൻ ഈ പദ്ധതിക്ക് സാധിക്കുന്നുണ്ട്. കഴിഞ്ഞവർഷം കുട്ടികളുടെ സുരക്ഷ മുൻനിർത്തി ആരംഭിച്ച 'തനിച്ചല്ല' എന്ന പദ്ധതിയും വിജയകരമായി മുന്നോട്ടുപോവുകയാണ്. സീഡിന്റെ തുടർപ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.



### വി. ശിവൻകുട്ടി

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി

**ന**മ്മുടെ പരിസ്ഥിതിയെ വിലമതിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു തലമുറയെ രൂപപ്പെടുത്തുന്നതിൽ മാതൃഭൂമിയുടെ അഭിനന്ദനാർഹമായ സംരംഭമായ 'സീഡ്' സഹായകമാണ്. സീഡിന്റെ 16-ാം വർഷികം ആഘോഷിക്കുന്ന വേളയിൽ, പരിസ്ഥിതിസംരക്ഷണത്തിലേക്ക് യുവമനസ്സുകളെ പരിപോഷിപ്പിക്കുന്നതിലുള്ള തുടർച്ചയായ വിജയത്തിന് ഞാൻ ഹൃദയംഗമമായ ആശംസകൾ നേരുന്നു. 2009ൽ സ്ഥാപിതമായതുമുതൽ, സുസ്ഥിരതയുടെയും സംരക്ഷണത്തിന്റെയും പ്രാധാന്യം വിദ്യാർഥികളിൽ പകർന്നുനൽകിക്കൊണ്ട് സീഡ് പ്രതീക്ഷയുടെ പ്രകാശഗോപുരമായി വർത്തിക്കുന്നു. വിദ്യാർഥികളെയും അധ്യാപകരെയും ഒരുപോലെ ശാക്തീകരിക്കുന്ന ഒരു പ്രസ്ഥാനമായി 'സീഡ്' മാറുന്നതിന് സാക്ഷ്യംവഹിക്കുന്നത് പ്രചോദനകരമാണ്. 16-ാം വർഷത്തിലേക്ക് കടക്കുമ്പോൾ, സീഡ് അതിന്റെ വ്യാപ്തിയും സ്വാധീനവും വിപുലീകരിക്കുന്നത് തുടരുമെന്ന് എനിക്ക് ഉറപ്പുണ്ട്. കൂടുതൽ പദ്ധതികൾക്കും സഹകരണങ്ങൾക്കും തുടക്കമിടാനാകട്ടെ. ഭാവിതലമുറകൾക്ക് പദ്ധതി ഒരു വഴികാട്ടിയായി വർത്തിക്കട്ടെ.

# നമ്മുടെ ഭൂമി
# നമ്മുടെ ഭാവി...

മരുഭൂവത്കരണത്തെ ചെറുക്കുന്നതിനുള്ള ഐക്യരാഷ്ട്രസഭാ സമ്മേളനത്തിൽ ലോകം നേരിടുന്ന വലിയ ആശങ്കകൾ ചർച്ചയായി. വരൾച്ചയുണ്ടാവുന്നതിന്റെ എണ്ണവും കാലയളവും 29% കൂടിയെന്നാണ് കണക്ക്. ലോകജനതയുടെ പകുതിയിലേറെപ്പേരെ ഇത് നേരിട്ട് ബാധിക്കുന്നുണ്ട്. ഈ അവസ്ഥ തുടരുകയാണെങ്കിൽ 2050 ഓടെ ലോകജനസംഖ്യയുടെ മുക്കാൽ ഭാഗത്തെയും വരൾച്ച നേരിട്ട് ബാധിക്കും.

മരുഭൂവത്കരണം, വരൾച്ച എന്നിവയെ പ്രതിരോധിക്കൽ, ഭൂമിയുടെ ഘടന പുനഃസ്ഥാപിക്കൽ എന്നിവയാണ് 2024-ലെ പരിസ്ഥിതിദിനത്തിന്റെ ഭാഗമായി UNEP ആഹ്വാനം ചെയ്യുന്ന സന്ദേശം. ലോകമെമ്പാടുമുള്ള ആവാസവ്യവസ്ഥയുടെ സംരക്ഷണവും പുനരുജ്ജീവനവുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കാലാവസ്ഥാവ്യതിയാനവും പ്രകൃതിയുടെയും ജൈവവൈവിധ്യത്തിന്റെയും ശോഷണവും മലിനീകരണവും വർധിച്ചുവരുന്ന മാലിന്യങ്ങളും എല്ലായിടത്തും വലിയതോതിലുള്ള പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ടിരിക്കയാണ്. ഇവ ലോകത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിനെ തകരാറിലാക്കിയിരിക്കയാണ്. ആവാസവ്യവസ്ഥയെ തിരിച്ചുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഈ വർഷം മുൻതൂക്കം നൽകേണ്ടത്.



**2023-24 വർഷത്തെ സീഡ് പ്രവർത്തന നേട്ടങ്ങൾ**
**പഴങ്ങൾ**
**95,407**
**കിലോഗ്രാം**





# സീഡ്
# 2024-25

2024 ജൂൺ 5 മുതൽ 2025 ജനുവരി 15 വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഈവർഷത്തെ അവാർഡ്ജേതാക്കളെ നിർണയിക്കുക സ്കൂളിൽ നടത്തിയ സീഡ് പരിപാടികളുടെ വിശദാംശങ്ങൾ, നോട്ടീസ്, ഫോട്ടോ, വീഡിയോ എന്നിവയെല്ലാം ഡിജിറ്റലായി റിപ്പോർട്ടിനൊപ്പം ചേർക്കാം.

- സീഡ് റിപ്പോർട്ടുകൾ ജനുവരി 25-നകം അടുത്തുള്ള മാതൃഭൂമി ഓഫീസിൽ എത്തിക്കണം. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം നടത്തിയ സ്കൂളുകളെ തിരഞ്ഞെടുക്കും.
- സ്കൂളുകളിൽ ജൂറി സന്ദർശനം നടത്തി വിലയിരുത്തിയതിനുശേഷമേ ജേതാക്കളെ നിർണയിക്കുകയുള്ളൂ.
- സീഡ് പദ്ധതിയിൽ മുൻപ് രജിസ്റ്റർചെയ്ത സ്കൂളുകൾ വീണ്ടും ചെയ്യേണ്ടതില്ല. ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ /സീഡ് കോഡിനേറ്റർ ഇവർ മാറിയിട്ടുണ്ടെങ്കിൽ മാതൃഭൂമിപ്രതിനിധിയെ അറിയിക്കണം.
- എൽ.പി. വിഭാഗം മുതൽ ഹയർ സെക്കൻഡറി വരെയുള്ള സ്കൂളുകൾക്കും കോളേജുകൾക്കും പദ്ധതിയിൽ പങ്കാളികളാവാം.
- എൽ.പി. വിഭാഗത്തിന് പ്രത്യേക സമ്മാനങ്ങളുണ്ട്. എന്നാൽ ഇവർക്ക് പൊതുവിഭാഗത്തിൽ മത്സരിച്ച് സമ്മാനം നേടുന്നതിന് തടസ്സമില്ല.

**2023-24 വർഷത്തെ സീഡ് പ്രവർത്തന നേട്ടങ്ങൾ**
**പച്ചക്കറികൾ**
**1,49,773**
**കിലോഗ്രാം**

# ഈ വർഷത്തെ 3 പുതിയ പ്രവർത്തനങ്ങൾ

## 1 പഴയ കതിർ പുതിയ കൈകളിൽ...



പോഷകസമൃദ്ധമായ നിരവധി നെല്ലിനങ്ങൾ കൃഷിചെയ്തിരുന്ന നാടാണ് കേരളം. അവയിൽ പലതും അന്യംനിന്നുപോയി. അത്യപൂർവമായി മാത്രം കാണപ്പെടുന്ന ചില പഴയ നെൽവിത്തിനങ്ങൾ കുട്ടികൾക്ക് കൃഷിചെയ്യാനായി എത്തിച്ചുകൊടുക്കുന്ന പദ്ധതിയാണ് 'പഴയ കതിർ പുതിയ കയ്യിൽ' എന്നത്. ഓരോ ജില്ലയിലും രണ്ട് സ്കൂളുകൾക്കാണ് അപൂർവ നെൽവിത്ത് നൽകുക. കഴിഞ്ഞവർഷങ്ങളിലെ സീഡ് പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകൾ നടത്തിയ നെൽകൃഷിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുന്ന രേഖകൾ സഹിതം സീഡ് കോഡിനേറ്റർക്ക് അപേക്ഷ നൽകാം. ജൂലായ് 15-നുമുൻപ് ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ഓരോ ജില്ലയിലെയും രണ്ട് സ്കൂളുകൾക്ക് 2024-ലെ കർഷകദിനത്തിൽ വിത്ത് കൈമാറും. അപൂർവ വിത്ത് കൃഷിചെയ്യുന്ന സ്കൂളുകൾ ആ നെല്ലിനത്തിന്റെ മേന്മയും പ്രത്യേകതയുമൊക്കെ വിദ്യാർഥികളെയും രക്ഷിതാക്കളെയും ബോധ്യപ്പെടുത്തണം. കൃഷിയിടത്തിൽ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന ബോർഡുകൾ സ്ഥാപിക്കുകയും സന്ദർശകരെ അനുവദിക്കുകയും ചെയ്യാം. കൃഷിക്കായി നൽകുന്ന അതേ അളവിലുള്ള വിത്ത് വിളവെടുപ്പിനുശേഷം തിരിച്ചേൽപ്പിക്കുകയും വേണം.

എല്ലാ സ്കൂളുകൾക്കും അപൂർവയിനം നെൽവിത്തുകൾ പ്രാദേശികമായി കണ്ടെത്തി കൃഷിചെയ്യുകയും അവ മറ്റുള്ളവരിലേക്ക് എത്തിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടത്താം. കൃഷിക്ക് സ്ഥലമില്ല എന്ന വിഷമം വേണ്ട. ഒരു ചെടിച്ചട്ടിയിൽ ഒരു നെൽച്ചെടി വളർത്തുന്നതുപോലും കൃഷിയോടുള്ള ആത്മാർഥത വെളിപ്പെടുത്തും.

**2023-24 വർഷത്തെ സീഡ് പ്രവർത്തന നേട്ടങ്ങൾ**
**നെല്ല്**
**67,351**
**കിലോഗ്രാം**



## 2 എന്റെ നാടിന്റെ പൈതൃകം

ഓരോ നാട്ടിലുമുണ്ടാവും അത്യപൂർവമായ ചില കാഴ്ചകൾ. കാസർകോട് ജില്ലയിലെ സുരങ്ക കിണർ, വയനാട് ജില്ലയിലെ ജലസ്രോതസ്സായ കേണി, പ്രകൃതിയിൽനിന്നുള്ള വസ്തുക്കൾമാത്രമുപയോഗിച്ച് ഉണ്ടാക്കുന്ന പത്തനംതിട്ടക്കാരുടെ പടയണിക്കോലങ്ങൾ അങ്ങനെ ഓരോ നാടിനും ഉണ്ടാവും നാട്ടുതനിമയുടെ സമ്പാദ്യങ്ങൾ. ഓരോ സീഡ് സ്കൂളിനും നാട്ടുതനിമകൾ പരിചയപ്പെടുത്താം. നാട്ടുതനിമകളും പ്രത്യേകതകളും ഒക്കെ ചിത്രങ്ങളും വിവരങ്ങളും സഹിതം തയ്യാറാക്കണം. എത്തിച്ചേരാനുള്ള വഴി, ബന്ധപ്പെടാനുള്ള ഫോൺനമ്പർ എന്നിവയും വേണം. ഈ വിവരങ്ങൾ സീഡ് വെബ്സൈറ്റിലൂടെയും സീഡ് വാട്സാപ് ഗ്രൂപ്പുകളിലൂടെയും പ്രചരിപ്പിക്കാം. നമ്മുടെ നാട്ടിലെ പൈതൃകം കാണാനെത്തുന്നവർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ സീഡ് സ്കൂളുകൾ നൽകുകയും വേണം. പൈതൃകസ്ഥലവുമായി ബന്ധപ്പെട്ട വിവരങ്ങളും അവിടേക്ക് മറ്റുള്ളവർ നടത്തിയ സന്ദർശനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും സീഡ് ഫൈനൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.

**2023-24 വർഷത്തെ സീഡ് പ്രവർത്തന നേട്ടങ്ങൾ**
**സംരക്ഷിച്ച ജലം**
**47,17,735**
**ലിറ്റർ**









# 3 മഴയറിയാം

കേരളത്തിൽ ഓരോ സ്ഥലത്തും പെയ്യുന്ന മഴയുടെ കൃത്യമായ അളവ് രേഖപ്പെടുത്താനായാൽ അത് കാലാവസ്ഥാപഠനത്തിനും കാലാവസ്ഥാ പ്രവചനത്തിനും സഹായകമാവും. ദുരന്തനിവാരണത്തിനും സഹായകമാവുന്ന വിവരമാണിത്. എല്ലാ സീഡ് സ്കൂളിലും മഴമാപിനികൾ ഒരുക്കുകയും അതിലെ വിവരങ്ങൾ ശരിയായി രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്ന പദ്ധതിയാണ് മഴയറിയാം എന്ന പേരിൽ നടപ്പിലാക്കുന്നത്. മഴയുടെ അളവ് കൃത്യമായി അളക്കുന്നതിനായി ലഘുവായ മാർഗത്തിൽ മഴമാപിനി സ്കൂളിൽ നിർമിക്കാം. ഇതിനുള്ള മാർഗനിർദേശങ്ങൾ അടങ്ങുന്ന വീഡിയോ സീഡ് വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം. മഴയുടെ കണക്കുകൾ രേഖപ്പെടുത്തി ഫൈനൽ റിപ്പോർട്ടിനൊപ്പം സമർപ്പിക്കണം.

മഴമാപിനി ഉണ്ടാക്കുന്നത് എങ്ങനെയെന്നറിയാൻ QR Code സ്കാൻ ചെയ്തോളൂ. അല്ലെങ്കിൽ താഴെ കാണുന്ന ലിങ്ക് ഉപയോഗിക്കൂ. https://www.mathrubhumi.com/videos/mazhamapini-mathrubhumi-seed-1.9566393

**2023-24 വർഷത്തെ സീഡ് പ്രവർത്തന നേട്ടങ്ങൾ**

**സംരക്ഷിച്ച ഊർജം 1,64,959 കിലോവാട്ട്**








# അടിസ്ഥാന പ്രവർത്തനങ്ങൾ



## കാർഷികം

- സ്കൂളിലും കുട്ടികളുടെ വീടുകളിലും ജൈവക്കൃഷി പ്രോത്സാഹിപ്പിക്കാം.
- കൃഷിയുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ, പ്രശ്നോത്തരി എന്നിവ സംഘടിപ്പിക്കാം.
- ഓരോരോ കാലത്തുണ്ടാവുന്ന വിളകളെ പരിചയപ്പെടാം. അതിന്റെ സംസ്കരണ രീതികൾ പരിശീലിപ്പിക്കാം.
- കാലാവസ്ഥാവ്യതിയാനം കൃഷിപഠന റിപ്പോർട്ട് തയ്യാറാക്കാം. തൊട്ടടുത്ത സ്കൂളുകളിലെ റിപ്പോർട്ടുകൾ താരതമ്യംചെയ്ത് പഠനം നടത്താം.

## ജല, ഊർജ, ജൈവവൈവിധ്യ സംരക്ഷണം



- ജലമലിനീകരണ ബോധവത്കരണം, ഏതൊക്കെ രീതിയിൽ ജലദുരുപയോഗം കുറയ്ക്കാം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാം .
- സോളാർ പാനലുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാം.
- ജൈവവൈവിധ്യ ശോഷണത്തിന് കാരണമാവുന്ന പ്രവർത്തനങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും കണ്ടെത്താം.

## ശുചിത്വം, ആരോഗ്യം

- സ്കൂൾതലത്തിൽ മെഡിക്കൽ ക്യാമ്പുകൾ, പ്രഥമശുശ്രൂഷാ ക്ലാസുകൾ, മഴക്കാല രോഗങ്ങളുടെ ബോധവത്കരണം എന്നിവ സംഘടിപ്പിക്കാം.
- ലഹരിക്കെതിരേ സീഡ് ജാഗ്രതാ സമിതി രൂപവത്കരിക്കുകയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുകയും ചെയ്യുക.
- കുട്ടികളുടെ വ്യക്തിത്വവികസനം, മാനസികാരോഗ്യം, എന്നിവ ഉറപ്പുവരുത്തുക. നീന്തൽ പ്രോത്സാഹിപ്പിക്കുക.





SPECIAL CORE PROGRAMME

## തനിച്ചല്ല




കുട്ടികളുടെ സമഗ്ര സുരക്ഷ ഉറപ്പാക്കുന്നതിന് മാതൃഭൂമി സീഡ് നടപ്പിലാക്കുന്ന പദ്ധതിയാണ് - തനിച്ചല്ല. പേര് സൂചിപ്പിക്കുന്നതുപോലെ കുട്ടികളോടൊപ്പം ചേർന്നുനിൽക്കുക എന്നതാണ് പദ്ധതിയുടെ പ്രഥമ ലക്ഷ്യം. ലഹരിയുമായി ബന്ധപ്പെട്ട ചതിക്കുഴികളിൽ പെട്ടുപോകാതിരിക്കുന്നതിനും സൈബറിടങ്ങളിലെ അപകടങ്ങളിൽ കുരുങ്ങാതിരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുക. ലഹരിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അതീവ രഹസ്യമായി അധികാരികളെ അറിയിക്കുന്നതിനുള്ള വിശ്വസനീയമായ മാർഗമാണ് സീഡ് ഒരുക്കുന്നത്. സ്കൂൾ തലത്തിൽ കുട്ടികളും അധ്യാപകരും നേരിടുന്ന പ്രശ്നങ്ങൾ തനിച്ചല്ല, മാതൃഭൂമി സീഡ്, കെ.പി. കേശവമേനോൻ റോഡ്, കോഴിക്കോട് -1 എന്ന വിലാസത്തിലോ thanichalla@mpp.co.in എന്ന ഇ- മെയിൽ വിലാസത്തിലോ 7034876000 എന്ന നമ്പറിലേക്ക് വാട്സാപ്പ് ചെയ്തോ അറിയിക്കാം. കത്തുകളിലെ ഉള്ളടക്കം രഹസ്യമായി സൂക്ഷിക്കും. ഗൗരവമുള്ള പ്രശ്നങ്ങളിൽ വസ്തുതകൾ അധികൃതരെ സുരക്ഷിതമായി അറിയിക്കുക എന്ന കടമയാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

- ഗെയിമുകൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ തുടങ്ങിയവയിൽ കുട്ടികൾക്കുണ്ടാകുന്ന അഡിക്ഷൻ ഒഴിവാക്കാൻ അവരെ മാറ്റി നിർത്താൻ മാസത്തിൽ ഒരുദിവസം 'നോ ഗാഡ്ജറ്റ്സ് ഡേ' യായി എല്ലാ സ്കൂളുകളിലും ആചരിക്കണം. അധ്യാപകർക്കും അതിൽ പങ്കാളികളാവാം.

- വിദ്യാർഥികൾക്ക് എളുപ്പത്തിൽ മനസ്സിലാവുന്ന തരത്തിൽ പോക്സോനിയമത്തെക്കുറിച്ചുള്ള ഒരു പ്രസന്റേഷൻ സീഡ് വെബ്സൈറ്റിൽ ഒരുക്കിയിട്ടുണ്ട്. അത് എല്ലാ സീഡ് സ്കൂളുകളിലും വിവിധ ക്ലാസുകളിൽ പ്രദർശിപ്പിക്കുകയും പ്രദർശിപ്പിക്കുന്നതിന്റെ ചിത്രങ്ങൾ സീഡ് വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും വേണം.



## സ്കൂളുകളിൽ ചെയ്യേണ്ട കാര്യങ്ങൾ

- കുട്ടികൾക്ക് ഉണ്ടാവാനിടയുള്ള പ്രശ്നങ്ങൾ എങ്ങനെ കൈകാര്യംചെയ്യണമെന്നതിനെക്കുറിച്ച് ചർച്ചചെയ്ത് ഒരു മാർഗരേഖ ഉണ്ടാക്കണം. ഈ ചർച്ചയിൽ കുട്ടികൾ, സ്കൂൾ മാനേജ്മെന്റ് പ്രതിനിധികൾ, പി.ടി.എ. പ്രതിനിധികൾ, എസ്.പി.സി., ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങൾ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് പ്രതിനിധികൾ, വിദ്യാഭ്യാസവകുപ്പ് പ്രതിനിധി, പോലീസ്, എക്സൈസ്, കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന സോഷ്യൽ വർക്കേഴ്സ് എന്നിവരെ പങ്കെടുപ്പിക്കണം. രക്ഷിതാക്കൾക്കായി പ്രത്യേക ബോധവത്കരണ പരിപാടിയും നടത്തണം.
- ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചുള്ള കൂട്ടായ്മ രൂപവത്കരിച്ച് സൈബർ സേഫ്റ്റി, പേഴ്സണൽ സേഫ്റ്റി എന്നീ വിഷയങ്ങളിൽ പരിശീലനം നൽകാം.
- സഹപാഠികളുടെ പ്രശ്നങ്ങൾ മറ്റ് കുട്ടികളുടെ ശ്രദ്ധയിൽ പെട്ടാൽ അത് സീഡ് അധ്യാപക കോഓർഡിനേറ്ററെ അറിയിക്കുക.
- സുരക്ഷാകൂട്ടായ്മയുടെ പ്രവർത്തന റിപ്പോർട്ട് സീഡ് ഫൈനൽ റിപ്പോർട്ടിനൊപ്പം നൽകേണ്ടതാണ് (വ്യക്തിവിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തരുത്).

**2023-24 വർഷത്തെ സീഡ് പ്രവർത്തന നേട്ടങ്ങൾ**

**സംരക്ഷിച്ച വൃക്ഷത്തൈകൾ**
**57,959**

**ശേഖരിച്ച പ്ലാസ്റ്റിക്**
**88,125.55**

### ജില്ലാ ചൈൽഡ് പ്രൊട്ടെക്ഷൻ യൂണിറ്റ് ഓഫീസുകളുമായി ബന്ധപ്പെടാനുള്ള വിലാസം

| No. | OFFICE NAME | LANDLINE | Mobile | ADDRESS | E-MAIL |
|---|---|---|---|---|---|
| 1 | Thiruvananthapuram | 0471-2345121 | 8281899460 | DCPO, FIRST FLOOR, OPP SBI BANK, POOJAPPURA | tvmdcpu2015@gmail.com |
| 2 | Kollam | 0474-2791597 | 8281899461 | DCPO, 3rd FLOOR, CIVIL STATION, KOLLAM- 691013 | dcpukollam@gmail.com |
| 3 | Pathanamthitta | 0468-2319998 | 8281899462 | DCPO, 3rd FLOOR, ARANMULA, MINI CIVIL STATION-689533 | dcpupta@gmail.com |
| 4 | Alappuzha | 0477-2241644 | 8281899463 | DCPO, LATIN CHURCH BUILDING, CONVENT SQUARE-688001 | dcpualpy@gmail.com |
| 5 | Kottayam | 0481-2580548 | 8281899464 | DCPO, KVM BUILDINGS, ANNANKUNNU ROAD, KOTTAYAM-686001 | dcpukottayam@gmail.com |
| 6 | Idukki | 04862-200108 | 8281899465 | DCPU, IDUKKI, PAINAVU PO, PAINAVU- 685603 | dcpoidukki@gmail.com |
| 7 | Ernakulam | 0484-2609177 | 8281899466 | DCPU, GROUND FLOOR, CIVIL STATION, NEAR DISTRICT TREASURY, KAKKANAD- 683020 | dcpuernakulam@gmail.com |
| 8 | Thrissur | 0487-2364445 | 8281899467 | DCPO, 2nd FLOOR, CIVIL STATION, AYYANTHOLE, THRISSUR-680003 | dcputsr@gmail.com |
| 9 | Palakkad | 0491-2531098 | 8281899468 | DCPU, 2nd FLOOR, MUNICIPAL COMPLEX, ROBINSON ROAD, PALAKKAD-678001 | dcpupkd@gmail.com |
| 10 | Malappuram | 0483-2978888 | 8281899469 | DCPO, 3rd FLOOR, MINI CIVIL STATION, MANJERI- 676121 | dcpumpm@gmail.com |
| 11 | Kozhikode | 0495-2378920 | 8281899470 | DCPU, 2nd FLOOR, CIVIL STATION, KOZHIKODE | dcpukkd@gmail.com |
| 12 | Wayanad | 04936-246098 | 8281899471 | DCPO, JAWAHAR BALAVIKAS BHAVAN, MEENANGADY, NEAR COMMUNITY HALL, WAYANAD- 673591 | dcpowyd@gmail.com |
| 13 | Kannur | 0490-2326199 | 8281899472 | ROOM NO. F6-2nd FLOOR, MUNICIPAL TOWN HALL, THALASSERY, KANNUR | dcpuknr@gmail.com |
| 14 | Kasaragod | 04994-256990 | 8281899473 | DCPO, CIVIL STATION, VIDHYA NAGARAM- 671123 | dcpuksd@gmail.com |



# ഫൈവ് സ്റ്റാർ മത്സരങ്ങൾ

## ജില്ലാതലത്തിൽ സമ്മാനങ്ങൾ



ഒന്നാം സമ്മാനം:
**500 രൂപയുടെ പുസ്തകങ്ങൾ**
രണ്ടാം സമ്മാനം:
**300 രൂപയുടെ പുസ്തകങ്ങൾ**
മൂന്നാം സമ്മാനം:
**200 രൂപയുടെ പുസ്തകങ്ങൾ**

സീഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വൈവിധ്യമുള്ളതാക്കുന്നതിനും കുട്ടികളിലെ ബഹുമുഖമായ കഴിവുകൾ തിരിച്ചറിയുന്നതിനുമായി ഓരോ മാസത്തിലും വേറിട്ട മത്സരങ്ങൾ സംഘടിപ്പിക്കാം. ഓരോ മാസത്തെയും വിഷയം നോക്കി സ്കൂൾതലത്തിൽ മത്സരം നടത്തണം. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കിട്ടുന്നവ, സീഡ് ജില്ലാ കോ ഓർഡിനേറ്ററെ ഏല്പിക്കണം. ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് സമ്മാനം ലഭിക്കും. സ്കൂൾതലത്തിൽ മത്സരങ്ങളിൽ പങ്കെടുത്തവരുടെ എണ്ണവും ജില്ലാതലത്തിൽ സമ്മാനം ലഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും ഫൈനൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.

### 1. ജൂലായ്
**ആസ്വാദനക്കുറിപ്പ് മത്സരം**
നിങ്ങൾ വായിച്ച പുസ്തകം

### 2. ഓഗസ്റ്റ്
**ഫ്ലവർ ആർട്ട്**
പൂക്കൾ മാത്രം ഉപയോഗിച്ച് ഒരുക്കുന്ന രൂപങ്ങൾ

### 3. സെപ്റ്റംബർ
**അധ്യാപകർക്കായുള്ള അടിക്കുറിപ്പ് മത്സരം**
(ചിത്രം മത്സരസമയത്ത് നൽകും)

### 4. ഒക്ടോബർ
**പോസ്റ്റർ നിർമാണം**
പോഷകാഹാര പ്രചാരണ പോസ്റ്റർ നിർമാണം

### 5. നവംബർ
**ചിത്രരചനാമത്സരം**
'എന്റെ പുഴ'

## സീഡ് - പരിസ്ഥിതിയനുബന്ധ ദിനാചരണ കലണ്ടർ


| | |
|---|---|
| ജൂൺ 5 | ലോക പരിസ്ഥിതി ദിനം |
| ജൂൺ 7 | ലോക ഭക്ഷ്യസുരക്ഷാ ദിനം |
| ജൂൺ 8 | ലോക സമുദ്ര ദിനം |
| ജൂൺ 12 | ലോക ബാലവേലവിരുദ്ധ ദിനം |
| ജൂൺ 14 | ലോക രക്തദാന ദിനം |
| ജൂൺ 17 | ലോക മരുവത്കരണവിരുദ്ധ ദിനം |
| ജൂൺ 19 | ദേശീയ വായന ദിനം |
| ജൂൺ 21 | അന്തർദേശീയ യോഗാ ദിനം, ലോക സംഗീത ദിനം |
| ജൂൺ 23 | അന്താരാഷ്ട്ര ഒളിമ്പിക് ദിനം |
| ജൂൺ 26 | അന്തർദേശീയ ലഹരിമരുന്നുവിരുദ്ധ ദിനം |
| ജൂലായ് 1 | ദേശീയ ഡോക്ടേഴ്സ് ദിനം |
| ജൂലായ് 11 | ലോക ജനസംഖ്യാ ദിനം |
| ജൂലൈ 12 | ലോക പേപ്പർ ബാഗ് ദിനം |
| ജൂലായ് 20 | ദേശീയ ചാന്ദ്ര ദിനം |
| ജൂലായ് 28 | ലോക പ്രകൃതിസംരക്ഷണ ദിനം |
| ജൂലായ് 29 | അന്താരാഷ്ട്ര കടുവ ദിനം |
| ഓഗസ്റ്റ് 6 | ഹിരോഷിമ ദിനം |
| ഓഗസ്റ്റ് 8 | ക്വിറ്റ് ഇന്ത്യാ ദിനം |
| ഓഗസ്റ്റ് 9 | നാഗസാക്കി ദിനം |
| ഓഗസ്റ്റ് 12 | ലോക ആന ദിനം |
| ഓഗസ്റ്റ് 13 | ലോക അവയവദാന ദിനം |
| ഓഗസ്റ്റ് 15 | സ്വാതന്ത്ര്യ ദിനം |
| ഓഗസ്റ്റ് 19 | ലോക ഫോട്ടോഗ്രഫി ദിനം |
| ഓഗസ്റ്റ് 20 | ലോക കൊതുക് (നിവാരണ) ദിനം |
| ഓഗസ്റ്റ് 22 | ലോക നാട്ടറിവ് ദിനം |
| ഓഗസ്റ്റ് 29 | ദേശീയ കായിക ദിനം, അന്താരാഷ്ട്ര ആണവപരീക്ഷണവിരുദ്ധ ദിനം |

| | |
|---|---|
| സെപ്റ്റംബർ 2 | ലോക നാളികേര ദിനം |
| സെപ്റ്റംബർ 5 | ദേശീയ അധ്യാപക ദിനം |
| സെപ്റ്റംബർ 8 | ലോക സാക്ഷരതാ ദിനം |
| സെപ്റ്റംബർ 16 | അന്താരാഷ്ട്ര ഓസോൺ ദിനം |
| സെപ്റ്റംബർ 18 | ലോക മുള ദിനം |
| സെപ്റ്റംബർ 22 | ലോക നദി ദിനം |
| ഒക്ടോബർ 1 | ലോക വൃദ്ധ ദിനം |
| ഒക്ടോബർ 2 | ഗാന്ധി ജയന്തി |
| ഒക്ടോബർ 4 | ലോക മൃഗക്ഷേമ ദിനം |
| ഒക്ടോബർ 5 | ലോക അധ്യാപക ദിനം |
| ഒക്ടോബർ 9 | ലോക തപാൽ ദിനം |
| ഒക്ടോബർ 10 | ലോക മാനസികാരോഗ്യ ദിനം |
| ഒക്ടോബർ 11 | അന്താരാഷ്ട്ര ബാലികാ ദിനം |
| ഒക്ടോബർ 15 | ആഗോള കൈകഴുകൽ ദിനം, ലോക വിദ്യാർഥി ദിനം |
| ഒക്ടോബർ 16 | ലോക ഭക്ഷ്യ ദിനം |
| ഒക്ടോബർ 17 | ലോക ദാരിദ്ര്യനിർമാർജന ദിനം |
| ഒക്ടോബർ 24 | ഐക്യരാഷ്ട്ര ദിനം |
| നവംബർ 1 | കേരളപ്പിറവി ദിനം |
| നവംബർ 5 | ലോക സുനാമി ദിനം |
| നവംബർ 10 | അന്താരാഷ്ട്ര ശാസ്ത്ര ദിനം |
| നവംബർ 11 | ദേശീയ വിദ്യാഭ്യാസ ദിനം |
| നവംബർ 12 | ദേശീയ പക്ഷിനിരീക്ഷണ ദിനം |
| നവംബർ 14 | ശിശുദിനം, ലോക പ്രമേഹ ദിനം |
| നവംബർ 17 | സാർവദേശീയ വിദ്യാർഥി ദിനം |
| നവംബർ 20 | ലോക ബാലാവകാശ ദിനം |
| നവംബർ 26 | ദേശീയ ഭരണഘടനാ ദിനം |

| | |
|---|---|
| ഡിസംബർ 1 | ലോക എയ്ഡ്സ് ദിനം |
| ഡിസംബർ 2 | ദേശീയ മലിനീകരണ നിയന്ത്രണ ദിനം |
| ഡിസംബർ 3 | അന്താരാഷ്ട്ര ഭിന്നശേഷി ദിനം |
| ഡിസംബർ 4 | ഇന്ത്യൻ നാവികസേനാ ദിനം |
| ഡിസംബർ 5 | ലോക മണ്ണ് ദിനം |
| ഡിസംബർ 10 | മനുഷ്യാവകാശ ദിനം |
| ഡിസംബർ 11 | അന്താരാഷ്ട്ര പർവത ദിനം |
| ഡിസംബർ 14 | ദേശീയ ഊർജസംരക്ഷണ ദിനം |
| ഡിസംബർ 23 | ദേശീയ കർഷക ദിനം |
| ജനുവരി 12 | ദേശീയ യുവജന ദിനം |
| ജനുവരി 25 | ദേശീയ വിനോദസഞ്ചാര ദിനം |
| ജനുവരി 26 | റിപ്പബ്ലിക് ദിനം |
| ജനുവരി 29 | ദേശീയ പത്ര ദിനം |
| ഫെബ്രുവരി 2 | ലോക തണ്ണീർത്തട ദിനം |
| ഫെബ്രുവരി 4 | ലോക കാൻസർ ദിനം |
| ഫെബ്രുവരി 20 | ലോക സാമൂഹികനീതി ദിനം |
| ഫെബ്രുവരി 21 | അന്താരാഷ്ട്ര മാതൃഭാഷാ ദിനം |
| ഫെബ്രുവരി 27 | അന്തർദേശീയ ധ്രുവക്കരടി ദിനം |
| ഫെബ്രുവരി 28 | ദേശീയ ശാസ്ത്ര ദിനം |
| മാർച്ച് 1 | വിവേചനരഹിത ദിനം |
| മാർച്ച് 3 | ലോക വന്യജീവി ദിനം |
| മാർച്ച് 8 | അന്താരാഷ്ട്ര വനിതാ ദിനം |
| മാർച്ച് 14 | അന്താരാഷ്ട്ര പുഴസംരക്ഷണ ദിനം |
| മാർച്ച് 20 | ലോക കുരുവി ദിനം |
| മാർച്ച് 21 | ലോക വന ദിനം |
| മാർച്ച് 22 | ലോക ജല ദിനം |
| മാർച്ച് 23 | ലോക കാലാവസ്ഥാ ദിനം |



സീഡ് ഡിജിറ്റൽ മാഗസിൻ




# ആകാശപ്പച്ച

ആകാശനീലിമ പച്ചപ്പുകൊണ്ട് മറയണം എന്ന ആശയമാണ് മാഗസിൻ മുന്നോട്ടുവയ്ക്കുന്നത്. മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രകൃതിസൗഹൃദ നിലപാടുകൾക്കുള്ള ഡിജിറ്റൽ ഇടമാണിത്. പ്രകൃതിയുമായി ബന്ധപ്പെട്ട ചെറിയ രചനകളാണ് ഇതിലുൾപ്പെടുത്തുന്നത്.

ഡിജിറ്റൽ മാഗസിൻ മാതൃഭൂമി സീഡിന്റെ വെബ് പേജിലും ഫേസ്ബുക്ക് പേജിലും ലഭ്യമാണ്.

ആകാശപ്പച്ചയിലേക്കുള്ള നിങ്ങളുടെ രചനകൾ **akashapacha@mpp.co.in** എന്ന മെയിൽ ഐഡിയിലേക്ക് അയക്കുകയോ അതത് ജില്ലയിലെ സീഡ് കോ-ഓർഡിനേറ്റർമാരെ ഏൽപ്പിക്കുകയോ ചെയ്യാം.



## സീഡിന് ലഭിച്ച പ്രധാന ബഹുമതികൾ

- ഫോറസ്റ്റ് ക്രിയേറ്റേഴ്സ് & GSDMA ബെസ്റ്റ് മീഡിയ എൻവയൺമെന്റ് എഫേർട്ട് 2022-23
- വനമിത്ര പുരസ്കാരം 2022-23 (Government of Kerala)
- ഏറ്റവും ഉത്തരവാദിത്വമുള്ള CSR എക്സിക്യൂട്ടീവ് നോളജ് ലൈൻസ് അവാർഡ്
- കേരള കൃഷിവകുപ്പിന്റെ പ്രത്യേക അവാർഡ്
- ഗ്രീൻ ആൻഡ് എൻവയൺമെന്റ് സ്റ്റെവാർഡ്ഷിപ് (വെള്ളി)
- CSR Times അവാർഡ് 2020
- ഒലീവ് ക്രൗൺ അവാർഡ് Gold 2017, 2019 (International Advertising Association)
- കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ അവാർഡ് Gold 2017 (International Advertising Association )
- NIPM Best Corporate Citizen Award 2016, 2019
- വേൾഡ് യങ് റീഡർ പ്രൈസ് ഗോ ഗ്രീൻ ടോപ് അവാർഡ് 2014 (WAN-IFRA)
- കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ അവാർഡ് Gold 2014 (International Advertising Association )
- വേൾഡ് യങ് റീഡർ പ്രൈസ് 2011 & 2013 (WAN-IFRA)
- ഒലിവ് ക്രൗൺ ഹരിത പുരസ്കാരം 2012
- വനമിത്ര പുരസ്കാരം 2012 (Government of Kerala)
- ഒലീവ് ക്രൗൺ അവാർഡ് -2024 (International Advertising Association )
- KMA CSR Award-2024 (Environment category)

**2023-24 വർഷത്തെ സീഡ് പ്രവർത്തന നേട്ടങ്ങൾ**

**ബോധവത്കരണ റാലി**
**1,843**

**പ്രചാരണ പരിപാടികൾ**
**3,046**

# പുതുമയുള്ളതാക്കാം തുടർപ്രവർത്തനങ്ങൾ

വിദ്യാലയങ്ങൾക്ക് പുറത്തേക്ക് വ്യാപിച്ചുകിടക്കുന്ന നിരവധി പ്രവർത്തനങ്ങൾ സീഡ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. അവയിൽ പലതും വലിയ സാമൂഹികമാറ്റങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നു. ദീർഘകാലമായി തുടരുന്ന ഈ പദ്ധതികൾ പുതിയ ആശയങ്ങൾ ചേർത്ത് കൂടുതൽ മികച്ചരീതിയിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കണം.

## സീഡ് പോലീസ്



പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾക്കൊപ്പം ലഹരിക്കെതിരേയുള്ള ജാഗ്രതാപ്രവർത്തനങ്ങളും കുട്ടികളുടെ സുരക്ഷാകാര്യങ്ങളും കൂടി സീഡ് പോലീസിന് ഏറ്റെടുത്ത് നടപ്പാക്കാം. താഴെ പറയുന്ന പ്രവർത്തനങ്ങളിൽ സീഡ് പോലീസ് കൂടുതൽ ശ്രദ്ധ നൽകണം.

- ഒരുമിച്ചുള്ള കളികൾ പ്രോത്സാഹിപ്പിക്കുന്നതിന്
- ലഹരി ഉപയോഗം തടയുന്നതിന്
- പ്ലാസ്റ്റിക് ദുരുപയോഗത്തിനെതിരേ
- മാലിന്യനിക്ഷേപം തടയുന്നതിന്
- പ്രഥമശുശ്രൂഷാ ബോധവത്കരണത്തിന്
- ജെൻഡർ ഇക്വാളിറ്റി ഉറപ്പാക്കുന്നതിന്.

## ലവ് പ്ലാസ്റ്റിക്

പ്ലാസ്റ്റിക് മാലിന്യം എന്ന വലിയ വിപത്ത് തടയുന്നതിനായി 2011 മുതൽ സീഡ് നടപ്പിലാക്കുന്ന പദ്ധതിയാണ് ലവ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക് ഉപയോഗം പരമാവധി ശാസ്ത്രീയമാക്കാനും കുറച്ചുകൊണ്ടുവരാനുമുള്ള വിപുലമായ പരിപാടികൾ നടപ്പിലാക്കാൻ മുൻകൈയെടുക്കണം.

## സീഡ് റിപ്പോർട്ടർ




മാതൃഭൂമി പത്രം, മാതൃഭൂമി ന്യൂസ്, ക്ലബ് എഫ്.എം., എന്നിവയിലൂടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട വാർത്തകൾ ലോകത്തെ അറിയിക്കാൻ അവസരം നൽകുന്ന പദ്ധതിയാണ് സീഡ് റിപ്പോർട്ടർ. നന്നായി എഴുതാൻ കഴിവുള്ള ഒരു വിദ്യാർഥിയെ സീഡ് റിപ്പോർട്ടറായി തിരഞ്ഞെടുക്കണം. വാർത്തകൾ എഴുതാനുള്ള മാർഗനിർദേശങ്ങൾ മാതൃഭൂമി റിപ്പോർട്ടർമാർ നൽകും.

## കടലാമയ്ക്കൊരു കൈത്തൊട്ടിൽ

കേരളത്തിന്റെ കടൽത്തീരത്ത് മുട്ടയിടാനെത്തുന്ന ഒലിവ് റിഡ്‌ലി ആമകൾക്ക് സംരക്ഷണമൊരുക്കുന്ന പദ്ധതിയാണിത്. പ്രാദേശിക പരിസ്ഥിതിസംഘടനകളുമായി സഹകരിച്ചാണ് ഇത് നടപ്പിലാക്കുന്നത്. കടലാമസംരക്ഷണത്തിനായുള്ള പ്രചാരണ പ്രവർത്തനങ്ങൾ കൂടുതൽ കരുതലോടെ തുടരാം.

## നാട്ടുമാഞ്ചോട്ടിൽ



കേരളത്തിലെ നാട്ടുമാവിനങ്ങൾ തിരിച്ചറിയുന്നതിനും സംരക്ഷിക്കുന്നതിനും പ്രാദേശിക ഇനങ്ങൾ മറ്റുള്ള സ്ഥലങ്ങളിൽ എത്തിക്കുന്നതിനും വേണ്ടി തുടങ്ങിയ പദ്ധതിയാണ് നാട്ടുമാഞ്ചോട്ടിൽ. പദ്ധതിയുടെ ഭാഗമായി കേരളത്തിൽ അങ്ങോളമിങ്ങോളം നട്ടുപിടിപ്പിച്ച നാട്ടുമാവുകളെ സംരക്ഷിച്ച് നിലനിർത്തുന്ന പ്രവർത്തനങ്ങൾ തുടരണം. പ്രായമായ മാവുകളുടെ സംരക്ഷണത്തിലും ശ്രദ്ധിക്കണം.

'പൂമ്പാറ്റയ്ക്കൊരു പൂന്തോട്ടം' പദ്ധതിയുടെ പ്രവർത്തനങ്ങളും തുടരണം.

### സീഡ് വെബ്സൈറ്റ്
**www.mbiseed.com**

മാതൃഭൂമി സീഡിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സീഡ് വെബ്സൈറ്റിൽ നിന്ന് മനസ്സിലാക്കാം. www.mbiseed.com സന്ദർശിക്കുക.

## സീഡ് വിശിഷ്ട ഹരിതവിദ്യാലയങ്ങൾ 2009 മുതൽ 2023വരെ

**2023-24 വർഷത്തെ സീഡ് പ്രവർത്തന നേട്ടങ്ങൾ**

സെമിനാർ **8,588**

പോസ്റ്റർ പ്രദർശനം **8,577**


**2009-10** > എസ്.എൻ.ഡി.പി. ഹൈസ്കൂൾ നീലീശ്വരം, എറണാകുളം ■ **2010-11** > ജവാഹർ നവോദയ വിദ്യാലയം, ലക്കിടി, വയനാട് ■ **2011-12** > എസ്.വി.ജി.വി.എച്ച്.എസ്.എസ്., കിടങ്ങന്നൂർ, പത്തനംതിട്ട ■ **2012-13** > എച്ച്.ഡി.പി.സമാജം എച്ച്.എസ്., എടതിരിഞ്ഞി, തൃശ്ശൂർ ■ **2013-14** > വി.വി.എച്ച്.എസ്.എസ്., താമരക്കുളം, ആലപ്പുഴ ■ **2014-1 5** > ജി.യു.പി.എസ്. ഭീമനാട്, പാലക്കാട് ■ **2015-16** > എരഞ്ഞിമങ്ങാട് ജി.യു.പി.സ്കൂൾ, മലപ്പുറം ■ **2016-17** > കൂത്തുപറമ്പ് എച്ച്.എസ്.എസ്., തൊക്കിലങ്ങാടി, കണ്ണൂർ ■ **2017-18** > ജി.വി.എച്ച്.എസ്.എസ്., രാജകുമാരി, ഇടുക്കി ■ **2018-19** > രാജീവ് ഗാന്ധി മെമ്മോറിയൽ എച്ച്.എസ്.എസ്., മൊകേരി, കണ്ണൂർ ■ **2019-20** > ജി.വി.എച്ച്.എസ്.എസ്., കരുനാഗപ്പള്ളി, കൊല്ലം ■ **2020-21** > മങ്കര വെസ്റ്റ് ബേസിക് യു.പി.സ്കൂൾ, പാലക്കാട് ■ **2021-22** > എസ്.എൻ.യു.പി.സ്കൂൾ, പോത്തിൻകണ്ടം, ഇടുക്കി ■ **2022-23** > എളമക്കര ഭവൻസ് വിദ്യാമന്ദിർ, എറണാകുളം ■ **2023-24** > ചെന്ത്രാപ്പിന്നി ഹയർ സെക്കൻഡറി സ്കൂൾ, തൃശ്ശൂർ.

## മരങ്ങളെ അടുത്തറിഞ്ഞ് പഠിക്കാൻ സീസൺ വാച്ച്

കാലാവസ്ഥാമാറ്റത്തിനനുസരിച്ച് മരങ്ങളിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് പഠനം നടത്തുന്ന സിറ്റിസൺ സയൻസ് പ്രോജക്ടാണ് സീസൺ വാച്ച്. നാഷണൽ സെന്റർ ഫോർ ബയോളജിക്കൽ സയൻസസ് (NCBS) ദേശീയതലത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ സീഡ് പ്രവർത്തകരും പങ്കെടുക്കുന്നു. തിരഞ്ഞെടുത്ത വൃക്ഷങ്ങളെക്കുറിച്ചാണ് പഠനം. ഇതുവരെ നടത്തിയ പഠനത്തിന്റെ ശാസ്ത്രീയ വിവരങ്ങൾ സീസൺ വാച്ച് വെബ്സൈറ്റിൽ കാണാം.

സീഡിൽ രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും സീസൺ വാച്ച് പദ്ധതിയുടെ ഭാഗമാകാം. മൊബൈൽ ആപ്പ് ഗൂഗിൾ പ്ലേസ്റ്റോറിൽനിന്ന് സൗജന്യമായി ലഭിക്കും.

കൂടുതൽ വിവരങ്ങളോ നിർദേശങ്ങളോ ആവശ്യമാണെങ്കിൽ സീസൺ വാച്ചിന്റെ കേരളത്തിലെ പ്രൊജക്ട് മാനേജരായ മുഹമ്മദ് നിസാറിനെ 9446447666 എന്ന നമ്പറിൽ ബന്ധപ്പെടാം. Website: www.seasonwatch.in



സീഡ് പദ്ധതി സംബന്ധിച്ച എല്ലാ തർക്കങ്ങളും കോഴിക്കോട് കോടതിയുടെ പരിധിയിൽ മാത്രമായിരിക്കും പരിഗണിക്കുക.

മാതൃഭൂമി FEDERAL BANK

**804 സമ്മാനങ്ങൾ!**

ട്രോഫികളും സർട്ടിഫിക്കറ്റുകളും പുസ്തകങ്ങളും!

# 25 ലക്ഷത്തോളം രൂപയുടെ കാഷ് പ്രൈസ്!

**വിശിഷ്ട ഹരിതവിദ്യാലയം പുരസ്കാരം**
ഒന്നാം സമ്മാനം : **1 ലക്ഷം രൂപ** രണ്ടാം സമ്മാനം : **75,000 രൂപ**
മൂന്നാം സമ്മാനം : **50,000 രൂപ** കൂടാതെ സർട്ടിഫിക്കറ്റും.

റെവന്യൂ ജില്ലയിലെ മികച്ച സ്കൂളിന്
**ശ്രേഷ്ഠ ഹരിതവിദ്യാലയം പുരസ്കാരം**
**25,000 രൂപ**യും സർട്ടിഫിക്കറ്റും.

ഓരോ വിദ്യാഭ്യാസജില്ലയിലെയും മികച്ച മൂന്ന് സ്കൂളുകൾക്ക്
**ഹരിതവിദ്യാലയം പുരസ്കാരം**
ഒന്നാം സമ്മാനം : **15,000 രൂപ** രണ്ടാം സമ്മാനം: **10,000 രൂപ**
മൂന്നാം സമ്മാനം : **5,000 രൂപ** കൂടാതെ സർട്ടിഫിക്കറ്റും.

റെവന്യൂജില്ലയിലെ മികച്ച എൽ.പി. സ്കൂളിന്
**ഹരിതമുകുളം പുരസ്കാരം: 5,000 രൂപ**

**പഴയ കതിർ പുതിയ കൈകളിൽ പദ്ധതിക്ക്**
ജില്ലാതലത്തിൽ **5,000 രൂപ** കാഷ് അവാർഡും സർട്ടിഫിക്കറ്റും

**എന്റെ നാടിന്റെ പൈതൃക പദ്ധതിക്ക്**
ജില്ലാതലത്തിൽ **5,000 രൂപ** കാഷ് അവാർഡും സർട്ടിഫിക്കറ്റും

ഓരോ വിദ്യാഭ്യാസ ജില്ലയിലും മികച്ച സീഡ് അധ്യാപകർക്ക്
**ബെസ്റ്റ് ടീച്ചർ കോഡിനേറ്റർ പുരസ്കാരം**
**5000 രൂപയും** സർട്ടിഫിക്കറ്റും.

**മികച്ച ലഹരിവിരുദ്ധ പ്രവർത്തനം**
നടത്തുന്ന വിദ്യാലയങ്ങൾക്ക്
ജില്ലാ തലത്തിൽ സമ്മാനം: **10,000 രൂപ**

**5 സ്റ്റാർ മത്സരം** (ജില്ലാതലത്തിൽ)
ഒന്നാം സമ്മാനം: **500 രൂപ**യുടെ പുസ്തകങ്ങൾ
രണ്ടാം സമ്മാനം: **300 രൂപ**യുടെ പുസ്തകങ്ങൾ
മൂന്നാം സമ്മാനം: **200 രൂപ**യുടെ പുസ്തകങ്ങൾ

സീഡ് പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ
മികവ് കാട്ടുന്ന വിദ്യാർഥികൾക്ക്
**ജെം ഓഫ് സീഡ് പുരസ്കാരം** ട്രോഫിയും സർട്ടിഫിക്കറ്റും.

ഏറ്റവും മികച്ച സീഡ് റിപ്പോർട്ടർമാർക്ക്
**ബെസ്റ്റ് റിപ്പോർട്ടർ** പുരസ്കാരം, പ്രശസ്തിപത്രം.

**ഹരിതജ്യോതി പ്രശംസാപത്രം:** വിദ്യാഭ്യാസ ജില്ലയിൽ
മികച്ച പ്രവർത്തനം നടത്തുന്ന 6 വിദ്യാലയങ്ങൾക്ക്.



2023-24 വർഷത്തിലെ സീഡ് വിശിഷ്ട ഹരിതവിദ്യാലയ പുരസ്കാരം നേടിയ തൃശ്ശൂർ, ചെന്ത്രാപ്പിന്നി ഹയർ സെക്കൻഡറി സ്കൂളിലെ സീഡ് അംഗങ്ങൾ

Printed at The Mathrubhumi Press, Ramanattukara

## Contacts

**THIRUVANANTHAPURAM:** **R. Murali** (Regional Manager) 0471 2461071 **KOLLAM:** **Mr. N.S. Vinod Kumar** (Senior Regional Manager) 0474 2790761 **PATHANAMTHITTA** **Mr. Praveen Krishnan** (Chief Correspondent) 0468 2228678 **KOTTAYAM:** **Mr. T. Suresh** (Regional Manager) 0481 2568055 **ALAPPUZHA:** **Mr. Manish Kumar** (Regional Manager) 0477 2230864 **IDUKKI:** **Smt. M. Bilina** (Senior Special Correspondent) 0486 2227465 **ERNAKULAM:** **Smt. P. Sindhu** (Regional Manager) 0484 2531708 **THRISSUR:** **Mr. Vinod P. Narayan** (Regional Manager) 0487 2423284 **PALAKKAD:** **Mr. R.P. Mohandas** (Unit Manager) 0491 2521900 **MALAPPURAM:** **Mr. C. Suresh Kumar** (Senior Regional Manager) 0483 2745800 **KOZHIKODE:** **Mr. C. Manikandan** (Senior Regional Manager) 0495 2444210 **WAYANAD:** **Mr. Shoukathali K.P.** (Senior Correspondent) 0493 6202378 **KANNUR:** **Mr. Jagadish G.** (Regional Manager) 0497 2825100 **KASARAGOD:** **Mr. V.U. Mathukutty** (Special Correspondent) 04994 230298.